E9
97289

COMMISSIONERATE OF EXCISE
27 DEC 2018
RECEIVED

**കേരള സർക്കാർ**

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സിവിൽ) വകുപ്പ്**

**പരിപത്രം**

നം.ഉപ.സി.3/217/2018/ഉഭപവ തിരുവനന്തപുരം, തീയതി 21.11.2018

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ്- ഒഴിവുകൾ കേരള പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തശേഷം നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകി ജോലിയിൽ പ്രവേശിച്ച ശേഷം 'ഒഴിവില്ല' എന്ന കാരണത്താൽ നിയമനം നൽകിയവരെ വിടുതൽ ചെയ്യുന്ന പ്രവണത അവസാനിപ്പിക്കുന്നത്- സംബന്ധിച്ച്

സൂചന:-
1. 12.08.1971 ലെ ജി.ഒ.(എം.എസ്) നം. 232/1971/പി.ഡി. നമ്പർ ഉത്തരവ്.
2. 19.08.2018 ലെ ഉപസി3/159/2018/ഉഭപവ നമ്പർ പരിപത്രം.
3. കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 05.06.2018 ലെ DR II(3) 37066/14/GW/Dy3 നം.കത്ത്.

സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിൽ ഒരു വർഷം ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി കേരള പബ്ലിക് സർവീസ് കമ്മീഷനെ അറിയിക്കുവാൻ സൂചന(1) പ്രകാരം എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിരുന്നു. ഇപ്രകാരം ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുമ്പോൾ അതീവ ശ്രദ്ധ പുലർത്തണമെന്നും ഒഴിവുകളുടെ എണ്ണത്തിൽ കൃത്യത പാലിക്കണമെന്നും, ഒരിക്കൽ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ ഒരു കാരണവശാലും കുറവുവരുത്തുവാനോ/റദ്ദാക്കുവാനോ പാടില്ല എന്നും ഈ ഒഴിവുകൾ പ്രൊമോഷൻ/ട്രാൻസ്ഫർ എന്നിവയിലൂടെ നികത്തുവാൻ പാടില്ല എന്നും നിർദ്ദേശം നൽകിയിരുന്നു. കൂടാതെ, ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട ചെയ്ത ശേഷം ഒരു കാരണവശാലും കുറവ് വരുത്തുവാനോ/ റദ്ദ് ചെയ്യുവാനോ കഴിയാത്തതിനാൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ നിയമനാധികാരികൾ അതീവ ജാഗ്രത പുലർത്തണമെന്നും പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾ റദ്ദ് ചെയ്യുന്നതിന് നിയമനാധികാരികൾ ആവശ്യം ഉന്നയിക്കുന്ന അവസ്ഥ പൂർണമായും ഒഴിവാക്കേണ്ടതാണെന്നും സൂചന (2) പരിപത്രത്തിലൂടെയും കർശന നിർദ്ദേശം നൽകിയിരുന്നു.

2. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ട്രേഡ്സ്മാൻ തസ്തികയുടെ വിവിധ ട്രേഡുകളിലെ നിയമനം നടത്തുന്നതിനായി ഒഴിവുകൾ കേരള പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിരുന്നതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിരുന്നതായും, എന്നാൽ നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകി സർവ്വീസിൽ പ്രവേശിച്ച ശേഷം 'ഒഴിവില്ല' എന്ന് കാണിച്ച് അവരെ വിടുതൽ ചെയ്തു എന്നും ഇത്തരം സംഭവങ്ങൾ ആവർത്തിച്ച് വരുന്നതായും ഇത് സംബന്ധിച്ച് ഉദ്യോഗാർത്ഥികളിൽ നിന്നും നിരവധി പരാതികൾ കമ്മീഷന് ലഭിച്ച് വരുന്നതായും, അതിനാൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്ന സാഹചര്യത്തിൽ അത് ഒഴിവാക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്നും കേരള പി.എസ്.സി സൂചന (3) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്ത ശേഷം, നിയമന ശിപാർശ ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകി ജോലിയിൽ

പ്രവേശിച്ച ശേഷം 'ഒഴിവില്ല' എന്ന് കാണിച്ച് വിടുതൽ ചെയ്യുന്നത് ശരിയായ പ്രവണതയല്ല. ഈ വിഷയം സർക്കാർ വളരെ ഗൗരവമായി കാണുന്നു. ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യേണ്ടത് നിയമനാധികാരിയുടെ ഉത്തരവാദിത്തമാണെന്നിരിക്കെ, ഇപ്രകാരമുള്ള സംഭവങ്ങൾ ഉണ്ടാകുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പിഴവായി സർക്കാർ കാണുന്നു. അതിനാൽ, സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുമ്പോൾ അതീവ ജാഗ്രത പുലർത്തണമെന്നും, നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ നിയമന ഉത്തരവ് നൽകി ഉദ്യോഗാർത്ഥികളെ സർവ്വീസിൽ പ്രവേശിപ്പിച്ച ശേഷം അവരെ 'ഒഴിവില്ല' എന്ന കാരണത്താൽ വിടുതൽ ചെയ്യുന്ന രീതി പൂർണ്ണമായി ഒഴിവാക്കേണ്ടതാണെന്നും, ഇത്തരം സംഭവങ്ങൾ ഭാവിയിൽ ഉണ്ടാകരുതെന്നും സംസ്ഥാനത്തെ എല്ലാ വകുപ്പ് മേധാവികൾക്കും / നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകുന്നു.

4. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ കർശന അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്.

ഡോ.എ.ജയതിലക് ഐ.എ.എസ്
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും,
സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്കും
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും,
എല്ലാ സെക്ഷനുകൾക്കും ( കീഴിൽ വരുന്ന, പി.എസ്.സി. മുഖാന്തിരം നിയമനം നടക്കേണ്ടതായ വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ നിയമനാധികാരികളെ/മേധാവികളെ അറിയിക്കുന്നതിനായി)
എല്ലാ വകുപ്പ മേധാവികൾക്കും / നിയമനാധികാരികൾക്കും ജില്ലാ കളക്ടർമാർക്കും
ഗവർണ്ണറുടെ സെക്രട്ടറി (ആമുഖ കത്തു സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരളം (ആമുഖ കത്ത് സഹിതം).
അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
അഡ്വക്കേറ്റ്ജനറൽ,കേരളം,എറണാകുളം/തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം)
വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.